Mr. Paramel Iyp'k Ipe (*cont.*)

(*b*) for what length of time this practice was continued;

(*c*) whether any other Government Depot used to sell kerosene as described above;

(*d*) whether the excess quantity after measuring 24 bottles from a tin used to be credited in the stock account of kerosene at the Central Depot?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) No.

(*b*), (*c*) and (*d*) No answer is required in view of answer to (*a*).

STANDARD OF WEIGHTS—FAIR PRICE SHOPS

481. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

(*a*) whether Standard Rathal prescribed by the "Weights and Measures Act" is used in Fair Price Shops and Government Depots for selling gur;

(*b*) if not, why?

Mr. P. Govinda Menon *(Minister for Food and Education):*

From 1st Edavam 1120 English pound Avoirdupois is being used.

The introduction of English weights was necessitated mainly due to the following reasons.—

(*a*) Almost all articles are received by this Department in English weights and hence it is more convenient to fix the price and effect issue in the same standard;

(b) Sets of weights graduated in Rathals were not available for replacement. Therefore, for the sake of uniformity and in view of the convenience in fixing prices in terms of English weights system was introduced after refixing the prices of commodities accordingly.

II. LEGISLATIVE BUSINESS—BILLS-OFFICIAL

(i) The Cochin Payment of Salaries and Allowances Act (Amendment) Bill

Rao Sahib A. Madhava Prabhu *(Chief Secretary to Government):* I beg to move that the Cochin Payment of Salaries and Allowances Act (Amendment) Bill be taken up and finally passed.

Mr. President: The question is that the Cochin Payment of Salaries and Allowances Act (Amendment) Bill be taken up and finally passed.

Bill was finally passed.

(ii) The Cochin Court-Fees Act (Amendmen') Bill

Mr. Paul P. Mampilly *(Advocate-General)):* Sir, I beg to move that the Cochin Court Fees Act (Amendment) Bill be taken up and finally passed.

Mr. President: The question is that the Cochin Court Fees Act (Amendment) Bill be aken up and finally passed.

Bill was finally passed.

III. RESOLUTIONS (NON-OFFICIAL)

RESOLUTION No. 1 *(cont.)*

Mr. President: Non-Official Resolutions—Resolution No. 2.

മിസ്റ്റർ പി. ടി. ജേയ്ക്കബ്: സർ, ഇന്നലെ ഞാൻ പ്രസ്താവിച്ചിരുന്ന വിഷയത്തെത്തന്നെ തുടരുകയാണ് ചെയ്യുന്നത്. അടുത്തകാലത്തു് അന്യദിക്കുകാർപോലും നമ്മുടെ നാട്ടിലെ കുടികിടപ്പുകാരെ അവരുടെ സൌകര്യത്തിനുവേണ്ടി പുരയിടങ്ങളിൽനിന്നു ഒഴിപ്പിക്കുന്ന സമ്പ്രദായം ഈനാട്ടിൽ ഈയിടെയായി നടന്നുവരുന്നുണ്ടെന്ന് ഞാൻ പ്രസ്താവിച്ചു. അതിനെ വളരെ ത്വരിതപ്പെടുത്തുകയല്ലാതെ നമ്മുടെ കോടതികളിൽ ഒന്നല്ല, രണ്ടല്ല, അനേകം കേസ്സുകൾ നിലവിലിരിക്കുന്നുണ്ട്. കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതായാൽ അവർ എവിടെയാണ് പോകേണ്ടതു് എന്നു കാണ്മാൻ നിയമ കോടതികൾ ശ്രദ്ധിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഏതൊരു ജന്മിയും തന്റെ കുടിയാനവനോടു പുറത്തുപോകണമെന്നാവശ്യപ്പെട്ടാൽ, ഈ നാട്ടിലെ പൌരനായിരിക്കുന്ന ആ കുടിയാനവന് താമ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

സിക്കാനുള്ള സൌകര്യമുണ്ടാക്കിക്കൊടുക്കാനായി കോടതികൾ നിയമമുണ്ടാക്കാൻ ഞാൻ ചിക്കണം. ഈ കോടതികളിൽ ഒഴിപ്പിക്കാനുള്ള കേസ്സുകൾ ധാരാളമുള്ളതുകൊണ്ട് ഇതിനു പരിഹാരം കാണേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. എനിക്കു ഗവൺമെണ്ടിനോടാവശ്യപ്പെടാനുള്ളത് ഈ നാട്ടിലെ സാധുക്കളായ കുടികിടപ്പുകാർക്കു താമസിക്കുവാനുള്ള സൌകര്യവും സ്ഥിരാവകാശവും, നൽകുന്നവിധത്തിലുള്ള ഒരു നിയമം ഗവൺമെണ്ടുണ്ടാക്കണമെന്നുള്ളതാണ്. ഇവരെ പുറത്താക്കണമെന്നു ഗവൺമെണ്ടു് തീരുമാനിക്കുന്നില്ലെങ്കിൽ നിശ്ചയമായും ഇന്നു നിലവിലിരിക്കുന്ന കേസ്സുകൾക്കും, അതുപോലെ കുടിയിറക്കുന്നതിനു കോടതിയിൽ വർദ്ധിച്ചു കേസ്സുകൾക്കും ശക്തിയുണ്ടാകാതിരിക്കത്തക്കവിധത്തിൽ, അതിനെയെല്ലാം നിയന്ത്രിക്കുന്നവിധത്തിലുള്ള ഒരു വകുപ്പുകൂടി എത്രയും വേഗത്തിൽ ഉണ്ടാക്കണം. അതു് ഇന്നത്തെ ഗവൺമെണ്ടിന്റെ സകല ശക്തികളുമുപയോഗിച്ചു് സാധിതപ്രായമാക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: സർ, ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കുടികിടപ്പുകാരുടെ പശ്നം ഇപ്പോൾ വളരെ പ്രധാനമായിത്തീർന്നിരിക്കുന്നതു് പട്ടണങ്ങളിലാണു്. മട്ടാഞ്ചേരിയിൽ പല കുടികിടപ്പുകാരും ദിവസേനയെന്നവണ്ണം അവരുടെ അവലാതിയുമായി എന്റെ സമീപിക്കാറുണ്ടു്. അവരുടെ അവശതകളെല്ലാം ഞങ്ങൾക്കു മനസ്സിലാക്കുവാൻ വളരെയധികം സന്ദർഭം കിട്ടിയിട്ടുണ്ടു്. അവരിന്നു പട്ടണത്തിലനുഭവിക്കുന്ന കഷ്ടതകൾക്കു് യാതൊരവസാനവുമില്ല. കാരണം, വലിയ പറമ്പുടമസ്ഥന്മാരുടെ വമ്പിച്ച നിലങ്ങളും കുണ്ടും കുഴിയുമായിരുന്ന സ്ഥലങ്ങളും താമസിക്കുവാനുള്ള അനുവാദത്തോടുകൂടി വാങ്ങി ചെറുകുടിലുകൾവെച്ചു താമസിച്ചു് ഭൂമി ഫലഭൂയിഷ്ഠമാക്കിത്തീർക്കുമ്പോൾ അതു് കൂടുതൽവിലക്കു വില്ക്കാൻവേണ്ടി അവരെയെല്ലാം അവിടെനിന്നൊഴിപ്പിക്കാനാണു് ശ്രമിക്കുന്നതു്. ലാഭമുണ്ടാക്കാൻ അവർ നടത്തുന്ന ഈ ഏർപ്പാടിനെ തടയാൻ ഗവൺമെണ്ടിനു സാധിക്കുമോ എന്ന കാര്യം എനിക്കു സംശയമാണു്. എന്നാൽ കുടികിടപ്പുകാരുടെ സ്ഥിതിനോക്കുകയാണെങ്കിൽ, അവർ അവിടെനിന്നും ഇറങ്ങിപ്പോയാൽ, പട്ടണത്തിൽ മറ്റൊരു സ്ഥലത്തു താമസിക്കാൻ ഒരിഞ്ചു സ്ഥലംപോലും കിട്ടുകയില്ല എന്നുള്ളതാണു് പരമാർത്ഥം. ന്യായമായി കുടികിടപ്പുകാർക്കു റെന്റ് കൺട്രോൾ മാർഡിനൻസനുസരിച്ചു് താമസിക്കാനുള്ള സ്ഥലം പുതുക്കിയ വാടകക്കു കൊടുപ്പിക്കുക. പിന്നെ അവർക്കു കൊടുത്തിരിക്കുന്ന വസ്തുവിൽ താമസിക്കാനുള്ള സ്ഥിരാവകാശം നൽകുക. ഇപ്പോൾ വളരെ ദുഃഖിതരിൽ നൂറുകണക്കിനു കുടികിടപ്പുകാരെ ഒഴിപ്പിക്കുന്ന കേസ്സുകളുണ്ടു്. അതെല്ലാം നിർത്തൽചെയ്യാൻ ഒരു വിളംബരംമൂലം വേണ്ടനടപടികളെടുക്കണമെന്നും, അതെടുക്കാൻ മന്ത്രിമാർ മഹാരാജാവിനെ ഉപദേശിച്ചു് ഒരു വിളംബരം പുറപ്പെടുവിക്കണമെന്നാണു് എന്റെ ബഹുമാന്യമായ അഭിപ്രായം. ഇന്നലെ ബഹുമാനപ്പെട്ട മരാമത്തു മന്ത്രി ഇതിനനുകൂലമായ ഒരു മറുപടിയാണു് നൽകിയതു്. അപ്പോഴുകാരും മന്ത്രിമാർ ഈ കാര്യം വളരെ പ്രധാനകാര്യമാണെന്നു മനസ്സിലാക്കി ആത്മാർത്ഥമായി വേണ്ടനടപടികളെടുക്കുമെന്നാണു് വിശ്വസിക്കുന്നതു്. അങ്ങനെല്ലെങ്കിൽ അവക്കുണ്ടാകുന്ന വിഷമങ്ങൾ വളരെയധികമായിരിക്കുമെന്നു് അവരെ ഓർമ്മപ്പെടുത്തിക്കൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഈ പ്രമേയത്തിന്റെ തത്വത്തോടു് ഞാൻ യോജിക്കുന്നു. ഇതു് ഒരു താലൂക്കിനെമാത്രം ബാധിക്കുന്ന പ്രശ്നമായിട്ടല്ല ഞാൻ കണക്കാക്കുന്നതു്. ചിറ്റൂർ താലൂക്കിനെ സംബന്ധിച്ചിടത്തോളം വലിയ വിഷമമില്ലായിരിക്കാം. എന്നാൽ കണയന്നൂർ താലൂക്കിനെ സംബന്ധിച്ചിടത്തോളമാണു് ഏറ്റവും കൂടുതൽ വിഷമമായിരിക്കുന്നതു്. വടക്കൻ താലൂക്കുകളിലും പറമ്പുടമസ്ഥന്മാർ കുടികിടപ്പുകാരെ ഇറക്കിവിടുന്നുണ്ടു്. ഇതു് കൊച്ചിരാജ്യത്തെ ജനങ്ങളെസംബന്ധിച്ചിടത്തോളം വളരെ വലിയൊരു വിഭാഗം ജനങ്ങളെ ബാധിക്കുന്ന കാര്യമാണു്. ഏതുഭാഗത്തു നോക്കിയാലും സ്വന്തം സ്ഥലമുള്ള ജനങ്ങളും വളരെ ചുരുക്കമാണു്. അധഃകൃതരെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഫാ ർ ക്കു് ൻ ൻ-ം ഇങ്ങനെയാണു്. നമ്പൂതിരി സമുദായമൊഴിച്ചു് ബാക്കിയുള്ള എല്ലാ സമുദായങ്ങളും താരതമ്യേന ഒരു നല്ല ശതമാനം കുടികിടപ്പുകാരായി താമസിക്കുന്നവരാണു്. തൃശ്ശിവപേരൂരിൽ ലേബർ കോർണറിലും മറ്റും തൊഴിലാളികൾ കൂലി കൂടുതൽകിട്ടണം എന്നും മറ്റും വിപ്ലവകരമായി പ്രസംഗിക്കുമ്പോൾ ഗവൺമെണ്ടു് അനുവദിച്ചുകൊടുക്കാൻ തയ്യാറാണു്. അതുപോലെതന്നെ പ്രാധാന്യമുള്ള ഒരു പ്രശ്നമാണിതെന്നു മനസ്സിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. T. Achuthan—]

ലാക്കി, മുതലാളികളുടെ അക്രമപ്രസക്തിയെ നിയമംകൊണ്ടു തടഞ്ഞു കുടിയാന്മാരേയും രക്ഷിക്കേണ്ടതാണു". ഈ രാജ്യത്തു് എല്ലാവക്കും കിടക്കാനുള്ള സൌകര്യമുണ്ടാക്കുന്ന ഒരന്തരീക്ഷം ഉടനെ സൃഷ്ടിക്കുവാൻ ഗവണ്മെണ്ടിനോടപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിന്താങ്ങുന്നു.

*മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: മിസ്റ്റർ പ്രസിഡണ്ടു് സർ, എനിക്കു് ഈ റസലൂഷന്റെ അർത്ഥംതന്നെ നല്ലപോലെ മനസ്സിലായിട്ടില്ല. ഈ റസലൂഷൻകൊണ്ടു് അവരവരുടെ കുടിലിൽ കിടക്കുന്നതല്ലാതെ മറ്റൊരാളുടെ കുടിലിൽ കിടക്കുന്നതു് എങ്ങിനെയാണെന്നു് അറിഞ്ഞുകൂടാ. ഒരാൾ രണ്ടുനേരം നമ്മളുടെ വീട്ടിൽ വന്നാൽപിന്നെ ആ കാരണത്തിന്റെ പേരിൽ നമ്മളുടെ വീട്ടിൽനിന്നു പോവുകയില്ലെന്നു് പറഞ്ഞാൽ പിന്നെ എന്തുചെയ്യും? ഇപ്പോൾ ഈ കൌൺസിലിൽ വന്നിട്ടുള്ളവർ ഇവിടെനിന്നു് പോവുകയില്ലെന്നു് പറഞ്ഞാൽപിന്നെ എങ്ങിനെയാണു". ഈ റസലൂഷൻ കുടികിടപ്പുകാരുടെ സ്ഥിരാവകാശത്തിനുള്ളതാണു". എന്നാൽ വടക്കൻ ദിക്കുകളിൽ വാടകശീട്ടു് എന്നുപറയുന്നുണ്ടു്. ഇവിടെ കുടികിടപ്പു് എന്നും പറയുന്നുണ്ടു്. അവരുടെ സൌകര്യത്തിനൊത്തവണ്ണം വീടുകൾ പണിയിച്ചിട്ടുണ്ടാകും. അതു് മഴിഞ്ഞുകിട്ടണമെന്നു പറഞ്ഞാൽ വലിയ ദ്രോഹമായി. അതു് എന്തു അവിശ്വാസപ്രമേയം കൊണ്ടുവന്നാലും പ്രസിഡണ്ടും, മന്ത്രിമാരും ആ സ്ഥാനത്തുനിന്നു് ഒഴിഞ്ഞുമാറുകയില്ലെന്നു് പറയുന്നതുപോലെയാണു് ഇതു്. കുടിയില്ലാത്തവക്കു് ഗവണ്മെണ്ടിൽനിന്നും എത്രയെങ്കിലും പുര പണിയിപ്പിച്ചു കൊടുത്തുകൊള്ളട്ടെ. എല്ലാവക്കും ഈരണ്ടു സെന്റ് വീതം ഭൂമി വീതിച്ചു കൊടുത്തുകൊള്ളട്ടെ. വേണമെങ്കിൽ ഒരു താലൂക്കു് മുഴുവനും കോളനിയായി പണിയിപ്പിച്ചുകൊള്ളട്ടെ.

പിന്നെ പറയുന്നതു് ഇതിന്നു ഒരു വിളംബരം ഉണ്ടാകണമെന്നാണു". ഈ നിലക്കു് ഒരു ഇരുന്നൂറു വിളംബരം പാസ്സാക്കേണ്ടിവരും. ഓരോരുത്തക്കും ഓരോ വിധത്തിലുള്ള വിളംബരം വേണ്ടിവരും. ചിറ്റൂർ താലൂക്കിലും കൊച്ചികണയന്നൂർ താലൂക്കിലും, അതുപോലെ ഓരോ സ്ഥലത്തേക്കും, പ്രത്യേകം പ്രത്യേകം വിളംബരം വേണ്ടിവരും. ഈ മാതിരിയുള്ള ഒരു പ്രമേയത്തോടു് യോജിക്കുവാൻ വളരെ വിഷമമാണു". വേലി കെട്ടാത്ത ചില പറമ്പുകളിൽകൂടി വഴിനടന്നിട്ടുണ്ടെന്നുള്ള അവകാശത്തിന്മേൽ പിന്നിട വേലി കെട്ടിയാലും ആ വഴിയിൽകൂടി നടക്കുവാൻ സ്ഥിരാവകാശം വേണമെന്നു പറയുന്നതുപോലെയാണു". ഏതാനും ചില ആളുകൾക്കുവേണ്ടിമാത്രം നിയമം ഉണ്ടാക്കുകയാണെങ്കിൽ, ഓരോ വ്യക്തികൾക്കും നിയമം ഉണ്ടാക്കിക്കൊള്ളട്ടെ. ചേലൂർ നമ്പൂതിരിയുടെ കയ്യിൽനിന്നു് ആരെങ്കിലും പണം വാങ്ങിട്ടുണ്ടെങ്കിൽ അതു തിരിച്ചു കൊടുക്കേണ്ടയെന്നു് ഒരു നിയമം ഉണ്ടാക്കിയാൽ മതി. ഫ്രഫ്രവ്യ ൽ ഒരു നിയമം പാസ്സാക്കി. പിന്നെ ഫ്രഫ്രഫ ആയപ്പോൾ അതു മുഴുവനും തെറ്റാണെന്നു പറഞ്ഞാൽ പിന്നെ കോടതിയും, അന്യായവും ഒന്നും വേണ്ടിവരികയില്ല. അതുകൊണ്ടു് ഈ പ്രമേയം വളരെ ഔരവമായിട്ടു് ആലോചിക്കേണ്ടതാണു്. ഇതിനെ എതിക്കുവാൻ വേറെ ഒരു മെമ്പറും ഉണ്ടാവുകയില്ലെങ്കിലും ഞാൻ ഇവിടെ മെമ്പറായിരിക്കുന്നിടത്തോളം കാലം ഇതു് പറയാതിരിക്കുവാൻ നിവൃത്തിയില്ലാ എന്നു വിചാരിച്ചു പറയുകയാണു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ ഇതിനെ ആരും എതിക്കുകയില്ലെന്നു വിചാരിച്ചു. അതു് ഇവിടത്തെ പാവപ്പെട്ട ആളുകളുടെ ഒരു മഹാഭാഗ്യമായിട്ടും ഞാൻ കരുതി. എന്നാൽ ഈ കാര്യത്തിൽ ജന്മിമാരുടെ നില എന്തായിരിക്കുമെന്നു് ജന്മിമെമ്പർ ഇവിടെ വിശദമാക്കി. പക്ഷെ, കാലം മാറിയതു് ബഹുമാനപ്പെട്ട ജന്മിമെമ്പർ മനസ്സിലാക്കാതെ പോയതിലാണു് അത്ഭുതം. മദിരാശിയിൽ സെമിന്ദാരി സിസ്റ്റം നിറുത്തലാക്കുവാനുള്ള പ്രമേയം അവിടത്തെ നിയമസഭ പാസ്സാക്കിക്കഴിഞ്ഞു. ഇതിനെല്ലാം എതിരായിട്ടു് ആരെല്ലാം തടസ്ഥമായിട്ടു നിന്നാലുംശരി ഈ നിയമം ഇന്നല്ലെങ്കിൽ നാളെ ഇവിടെ നടപ്പിലാകാതെ ഇരിക്കുകയില്ല. ഒരു സോഷ്യലിസ്റ്റ് ഭരണസമ്പ്രദായം വരുന്നതുവരെത്തോളം കാലം ഇൻഡ്യയ്ക്കു് യാതൊരു മുക്തിയും ഉണ്ടാകാൻ പോകുന്നില്ലായെന്നു് ഇന്നത്തെ ഇടക്കാലഗവണ്മെണ്ടിന്റെ വൈസ്പ്രസിഡണ്ടായ ജവഹർലാൽ നെഹറു അസന്നിശ്ചമായ ഭാഷയിൽ പ്രഖ്യാപനംചെയ്തകഴിഞ്ഞിട്ടുണ്ടു്. ആ സോഷ്യലിസ്റ്റ് സമ്പ്രദായത്തോടടുക്കുവാൻ ഭരണം ഈ രാജ്യത്തു് വരണമെന്നു് വിഭാവനംചെയ്തുകൊണ്ടിരിക്കുന്നവരാണു് ഈ നിയമസഭയിലെ സോഷ്യലിസ്റ്റ് കക്ഷികൾ. (ഹിയർ, ഹിയർ)

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ മരിക്കും സപ്ത ജന്മികളെന്ന് സംബോധനചെയ്തിട്ടുള്ള ആ ഏഴുപേർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വാശ്താനം ഒരു മയക്കുവിദ്യയായിട്ട് പറഞ്ഞതാണെന്നു വടക്കാഞ്ചേരി മെമ്പർ സംശയിക്കുന്നുണ്ടെങ്കിൽ, അങ്ങിനെയല്ല ആത്മാർത്ഥമായി പറഞ്ഞിട്ടുള്ളതാണെന്നു പരിപൂർണ്ണമായിട്ട് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ഈ പ്രമേയം പാസ്സായാൽ അതുകൊണ്ട് സാധുക്കൾക്കുണ്ടാകുന്ന ഇണത്തെ മനസ്സിലാക്കാതേയും, അതുകൊണ്ട് ജന്മിമാർക്കുണ്ടാകാവുന്ന ദോഷത്തെയും മാത്രം ഉദ്ദേശിച്ചാണ് ജന്മി മെമ്പർ ഇതിനെ എതുത്തിട്ടുള്ളതു്. അടിയന്തിരമായി ഈ കാര്യത്തിനു് ഒരു വിളംബരം ഉണ്ടായിട്ടില്ലെങ്കിൽ ഇവിടത്തെ പാവപ്പെട്ട അളുകളെയെല്ലാം ജന്മിമാർ അട്ടിപ്പുറമായിക്കും എന്നുള്ളതിനു സംശയമില്ല. സുഖമായിട്ട് ഉണ്ണുകഴിഞ്ഞു് യാതൊരു ബുദ്ധിമുട്ടും അറിയാതെ സുഖലോലുപന്മാരായിട്ട് കഴിഞ്ഞുകൂടുന്നവർക്ക് വിശപ്പിനെപ്പറ്റി പറഞ്ഞാൽ അതെന്താണെന്നു് മനസ്സിലാവുകയില്ല. അവരിൽ വിശപ്പുണ്ടാകാൻ മരുന്നുംകൂടി കഴിക്കുന്നവരുണ്ട്. പാവപ്പെട്ട അളുകൾക്കു് വിശപ്പുമാറാൻ മരുന്നിനുള്ള ക്ഷണമെങ്കിലും കഴിച്ചാൽമതിയെന്നു് വിചാരിക്കുന്നവരുമുണ്ട്. വിശപ്പു് അങ്ങിനെയുള്ളവർക്കേ അറിഞ്ഞുകൂടൂ. ഈ നാട്ടിലെ വമ്പന്മാരായ അളുകൾകൂടി കൂടി ഒഴിപ്പിക്കുന്നതിനെതിരായിട്ടുള്ള നിയമം വരാൻപോകുന്നുണ്ട് എന്നു കേട്ടിട്ട് പട്ടണങ്ങളിൽനിന്നും നാട്ടിൻപുറങ്ങളിൽനിന്നും ധാരാളം സാധുക്കളെ കൂടി ഒഴിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. രണ്ടുദിവസംമുമ്പ് നായരമ്പലത്തു് ഒരു പാവപ്പെട്ട വീട്ടുകാരനെ, അയാൾ വളരെനാളായി താമസിച്ചിരുന്ന പുരയിൽനിന്നും പൊലീസിന്റെ അധികാരം ഉപയോഗിച്ചിട്ടതന്നെ ഇറക്കിവിട്ട വസംവേം എനിക്കു നേരിട്ടു അറിയാവുന്നതാണ്. ഇതുമാതിരി അനേകം കാര്യങ്ങൾ ഇവിടെ പറയുവാനുണ്ട്. ഇന്നു കാലത്തു് ഇവിടെ നടന്ന പ്രോദ്യോത്തരവേളയിൽ ഇവിടത്തെ കന്നുകാലികർഷകർ തിന്നാൻ പിണ്ണാക്കു കിട്ടാത്ത കാര്യത്തെപ്പറ്റി പലതും ചോദിച്ചതായി കേട്ടു. എന്നാൽ കന്നുകാലികളുടെ പിന്നാലെ നടക്കുന്ന ഇത്തരം ഇടകാലിമാടകളുടെ പരിരക്ഷയ്ക്കുവേണ്ടിയാണു് ഞാൻ ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു്. ഈ പ്രമേയം ഇന്നു് ഉപകാരത്തിനു പകരം ഉപദ്രവം ഉണ്ടാക്കിട്ടുണ്ടെന്നു് എനിക്കറിയാം. കാരണം ഇതു പാസ്സാവുകയാണെങ്കിൽ ഉണ്ടാകുന്ന ദോഷത്തെ അലോചിച്ചു് ജന്മിമെമ്പറെപ്പോലെയുള്ള അളുകൾ വ്യത്യതകാണിക്കുമെന്നുള്ളതു് സാധാരണയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രിയുടെ വിശദീകരണത്തിലെ വ്യവസ്ഥ സ്വീകരിച്ചുകൊണ്ടും, അതിൽ ആത്മാർത്ഥമായി വിശ്വസിച്ചുകൊണ്ടും അതും അനതിവിദൂരഭാവിയിൽ നടപ്പിലാക്കുമെന്നു് പ്രതീക്ഷിച്ചുകൊണ്ടും ഈ സഭയുടെ അനുമതിയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

Resolution by leave withdrawn

Mr. P. A. Mohammed Ashroff *(Cranganur):* Sir, I request that the consideration of resolution No. 136 standing in my name may be advanced. That is a resolution which vitally affects the Government Servants of this State, irrespective of Community, caste or creed. I do not think that this House will have any objection to grant this request of mine to advance the consideration of that resolution. This may be taken as the first resolution to be discussed after lunch.

Mr. President: What is the resolution?

Mr. P. A. Mohammed Ashroff *(Cranganur):* Resolution No. 136, Sir.

Mr. President: What is the urgency to have it advanced?

Mr. P. A. Mohammed Ashroff *(Cranganur):* If the resolution is passed in the Council and accepted by Government it will benefit so many people so that they can continue their studies in the next academic year.

Mr. President: So also with regard to so many other resolutions.

Mr. P. A. Mohammed Ashroff *(Cranganur):* But the academic year begins before the Budget session and even if that resolution is passed in the Budget session, the Government servants who intend to go in for higher studies have to wait for one year unnecessarily.

Mr. President: I do not think that it is the practice of the House.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I think this practice has been followed before. I would like to bring to the notice of the House and the Chair that resolutions which are not only on the paper but new resolutions in the shape of urgent motions have been allowed, for example, the food debate two years back, was thus discussed here.

Mr. President: The food debate was as a special case and was not in the printed Agenda.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri):* That was done with the sanction of the House. So, there are precedents and precedents are binding.

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Government oppose it.

Mr. President: What is the precedent that the Hon'ble Member is quoting?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബാലാവപ്രകാരം എടുക്കുന്നതുകൊണ്ട് അങ്ങിനെ പ്രിഫറൻസ് കൊടുക്കുവാൻ പാടില്ല.

Mr. President: There are about 135 resolutions before that. There may be very important resolutions among them. Therefore it is a position which cannot be accepted as the resolutions are arranged by ballot.

Mr. P. A. Mohamad Ashroff *(Cranganur):* I may make a request, Sir, to reconsider it; if it is allowed to be moved now, there are certain advantages.....

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Government is not in a position to accept the suggestion.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is not a question of Government, Sir, accepting it or not; because it is a non-official business. Again there are certain precedents. The question is, whether others who have got preference over this is agreeable. The Government does not come into the picture at all. It is only the non-official members of the House one above the other and if they agree.

Mr. P. Govinda Menon *(Minister for Food and Education):* In which case every member in whose name the resolution stands must agree and not a majority of the members.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Hon'ble Members who are not here need not be looked up.

Mr. P. Govinda Menon *(Minister for Food and Education):* They will come only when their resolutions come up.

Mr. President: Before deciding this, all those members in whose names the resolutions stand have to be consulted.

Mr. Paramel Ipe Ipe *(Kunnamkulam):* I don't agree.

Mr. P. Kumaran Ezhuthassan *(Vadakkancheri):* If they are here and allowed to move their resolutions, but not otherwise.

M. P. Govinda Menon *(Minister for Food and Education):* They will be in the lounge.

Mr. President: The right which a member gets in this matter is from the ballot and the request of the Hon'ble Member cannot be granted without infringing the rules.

RESOLUTION No. 2

Need for a Committee to enquire and report on the various aspects of the Nalikerapattam prescribed in the Verumpattamdars Act

മിസ്റ്റർ എം. ഐ. പോൾ: മിസ്റ്റർ പ്രസിഡണ്ട് സർ, എന്റെ പേരിൽ നില്ക്കുന്ന ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. "This Council recommends to Government that a Committee should be constituted to enquire and report about the various aspects of the (നാളികേരപ്പാട്ടം) Nalikera Pattam provided in the Verumpattamdars Act and the hardships caused thereby." ജന്മികളും ഭൂമികളും കുടിയാന്മാരെ പാട്ടത്തിനു എല്പിക്കുന്ന അവസരത്തിൽ പാട്ടം ക്ലിപ്തപ്പെടുത്തുകയും എന്നാൽ ഉപയോഗശൂന്യമായിട്ടുള്ള സ്ഥലങ്ങളാണെങ്കിൽ പാട്ടത്തിനു എല്പിക്കുന്നതോടുകൂടി അതിന്റെ പാട്ടം നിശ്ചയിക്കുകയും അതനുസരിച്ചുള്ള പാട്ടം കുടിയാൻ കൊടുത്തുവരുകയുമാണ് സാധാരണ ചെയ്യുന്നതു. ഫ ഫ വ്യ-ൽ നാളികേര കൃഷിയെ സംബന്ധിച്ചിടത്തോളം പാട്ടം ക്ലിപ്തപ്പെടുത്തിയതു അതാതു കാലത്തെ വെളിച്ചെണ്ണ വിലയുടെ നിരക്കനുസരിച്ചു പാട്ടം നാളികേരമായി കൊടുത്താൽ മതിയെന്നാണ്. എന്നാൽ അതിനുശേഷം നാളികേരത്തിന്റെ വില കൂടുകയും ഇന്നും ആ നാളികേരപ്പാട്ടം ക്ലിപ്തപ്പെടുത്തിയതനുസരിച്ചു പാട്ടം കൊടുത്തു വരുന്നതിൽ കടപ്പെട്ടവരാണ് കുടിയാന്മാർ. വെളിച്ചെണ്ണയുടെ വിലയനുസരിച്ചു നാളികേരത്തിന്റെ വില ക്ലിപ്തപ്പെടുത്തുകയും അതാതു കാലങ്ങളിൽ അതു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ടെങ്കിലും ജന്മികളും കുടിയാന്മാരും തമ്മിൽ യോജിച്ചു പാട്ടസംഖ്യ ക്ലിപ്തപ്പെടുത്തുക എന്ന ഒരു സമ്പ്രദായം ഇന്നുവരെ നാട്ടിൽ നടക്കുന്നതായി കാണുന്നില്ല. പാട്ടം തീർക്കുമ്പോൾ അതാതു കാലങ്ങളിലെ വെളിച്ചെണ്ണയുടെ വിലയനുസരിച്ചു പാട്ടസംഖ്യ വാങ്ങുകയെന്ന സമ്പ്രദായവും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly